പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 734 29.11.2018 -ൽ മറുപടിയ്ക്ക്

## മൂന്നാറിലെ ടൂറിസം മേഖല

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് : | | മറുപടി<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | പന്ത്രണ്ട് വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞിയുടെ ഇത്തവണത്തെ സീസണിൽ മൂന്നാറിൽ സന്ദർശകർ കുറവായിരുന്നോ എന്ന് വ്യക്തമാക്കുമോ; | എ) | കുറവായിരുന്നു. 2017 വർഷത്തെ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ സ്ഥിതി വിവര കണക്കുകളും, ഈ വർഷത്തെ പ്രസ്തുത മാസത്തിലെ സ്ഥിതി വിവര കണക്കുകളും താരതമ്യപ്പെടുത്തുമ്പോൾ ഇടുക്കി ജില്ലയിൽ എത്തിയ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. |
| ബി) | പ്രസ്തുത സീസണിൽ എത്ര ടൂറിസ്റ്റുകളെയാണ് മൂന്നാറിൽ പ്രതീക്ഷിച്ചതെന്നും എത്രപേർ മൂന്നാർ സന്ദർശിച്ചുവെന്നും വെളിപ്പെടുത്തുമോ; | ബി) | നീലക്കുറിഞ്ഞി സീസണിൽ 8 ലക്ഷം വിനോദസഞ്ചാരികളെയാണ് പ്രതീക്ഷിച്ചിരുന്നത്. ടി സീസണിൽ ( ആഗസ്റ്റ്- ഒക്ടോബർ വരെ) ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കുവാൻ 1,45,431 സഞ്ചാരികളും കൊളുക്ക് മല സന്ദർശിക്കുവാൻ 50,000 ത്തോളം സഞ്ചാരികളും മറയൂർ വട്ടവട പ്രദേശങ്ങൾ വഴി 30000 ത്തോളം വിനോദസഞ്ചാരികളും നീലക്കുറിഞ്ഞി സന്ദർശിച്ചു. |
| സി) | പ്രളയം മൂലം തകർന്ന മൂന്നാറിലെ ടൂറിസം മേഖലയിലുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആശ്വാസനടപടികളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | ഉണ്ട്. ഇടുക്കി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒരു കോടിയിലധികം രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ